TUESDAY 15.08.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/08/2023.

1. സംസ്ഥാന തല കർഷക ദിനാഘോഷവും കർഷക അവാർഡ് വിതരണവും ആഗസ്റ്റ് 17ന് ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കും. കേരള അഗ്രോ ബിസിനസ് കമ്പനിയുടെ (KABCO) ഉദ്ഘാടനം പച്ചക്കറി- ചെറുധാന്യ കൃഷി വിപുലീകരണത്തിന്റെ ഭാഗമായി കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന പോഷക സമൃദ്ധി മിഷന്റെ പ്രഖ്യാപനവും ഇതോടനുബന്ധിച്ചുണ്ടാകും. മറ്റു മന്ത്രിമാർ, എംപി, എംഎൽഎമാർ, കർഷകർ ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നു. സംസ്ഥാനത്തെ മികച്ച ഹൈടെക് കർഷകയായി പോത്തൻകോട് കൃഷിഭവൻ പരിധിയിലെ കുമാരി ശ്രദ്ധ പാട്ടിൽനെ തിരഞ്ഞെടുത്തു.

2. ഇന്ത്യ ഗവൺമെന്റിന്റെ ഗോത്രകർഷകയ്ക്ക് നൽകുന്ന സസ്യജനിതക സംരക്ഷണത്തിനുള്ള ദേശീയ അവാർഡ് വിതുര മണിതൂക്കി ഗോത്രവർഗ്ഗ കോളനിയിലെ പടിഞ്ഞാറ്റിൻകര കുന്നുംപുറത്ത് വീട്ടിൽ പരപ്പിയ്ക്കാണ്. **"മക്കൾ വളർത്തി"** എന്ന പ്രത്യേക ഇനം പൈനാപ്പിൾ സംരക്ഷിച്ചു വളർത്തിയതിനാണ് അവാർഡിനർഹയായത്. 1.50 ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് അവാർഡ്. 2023 സെപ്റ്റംബർ 12-ന് ന്യൂഡൽഹിയിൽ വച്ച് അവാർഡ് സമ്മാനിക്കും.

3. പോത്തൻകോട് കൃഷിഭവനിൽ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ സബ്ഡി നിരക്കിൽ വിതരണത്തിനായി എത്തിയിട്ടുണ്ട്. ആവശ്യമുള്ള കർഷകർ 9447003709 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

### പരിശീലന പരിപാടി

4. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് 18ന് മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04829 – 234323 എന്ന ഫോൺ നമ്പരിൽ വിളിച്ചോ 9188522706 എന്ന വാട്സ്ആപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **"ചിപ്പികൂൺ കൃഷി ആരോഗ്യത്തിനും ആദായത്തിനും"** എന്ന വിഷയത്തിൽ ഈ മാസം 24 ന് (24.08.2023) കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ വെച്ച് പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കർഷകർക്ക് ആദായകരമായ രീതിയിൽ എങ്ങനെ ശാസ്ത്രീയമായി ചിപ്പി കൂൺ കൃഷി ചെയ്യാം എന്നതിനെപ്പറ്റി വിദഗ്ദ്ധോപദേശവും സാങ്കേതിക പരിശീലനവും നൽകുന്നു. രജിസട്രേഷൻ ഫീസ് 350/- രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487 2370051 ഫോൺ നമ്പറിൽ ഈ മാസം 21 ന് (21.08.2023) മുമ്പായി ബന്ധപ്പെടുക.

6. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 22 ന് അടുക്കളമുറ്റത്തെ കോഴി വളർത്തൽ 24 ന് ആട് വളർത്തൽ എന്നീ വിഷയങ്ങളിൽ കർഷകർക്കായി പരിശീലന പരിപാടികൾ നടത്തപ്പെടുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ 5 മണി വരെ. മൃഗസംരക്ഷണ മേഖലയിലെ പുതു സംരംഭകർക്കും/ തുടക്കക്കാർക്കും, ചെറിയതോതിൽ മൃഗങ്ങൾ/ പക്ഷികൾ വളർത്തുന്നവർക്കുമായാണ് ഈ പരിശീലനം നടത്തപ്പെടുന്നത്. കൂടുതലായി മൃഗങ്ങൾ പക്ഷികൾ വളർത്തുന്നവർക്കായി വരും ദിവസങ്ങളിൽ പരിശീലനങ്ങൾ നടത്തുന്നതായിരിക്കും. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ 10.15 മണി മുതൽ 05.15 വരെയുള്ള സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. **കാർഷിക നിർദ്ദേശം** –

പച്ചക്കറിവിളകളിൽ വെളുത്ത നിറത്തിൽ കൂട്ടമായി ഇലകളുടെ അടിവശത്ത് കണ്ടു വരുന്ന മീലി മൂട്ടകളെ നിയന്ത്രിക്കുന്നതിനായി സോപ്പ് ലായനി തളിച്ച ശേഷം 2% വേപ്പെണ്ണ എമൽഷൻ അല്ലെങ്കിൽ 5 മില്ലി വേപ്പെണ്ണ അധിഷ്ഠിത കീടനാശിനികൾ 1 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. അല്ലെങ്കിൽ ലേക്കാണിസിലിയം ലാക്കാനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക